പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. **5584** 01/07/2019 ൽ മറുപടിക്ക്

## മലബാർ ദേവസ്വം ബോർഡ് വഴി ആനുകൂല്യം നൽകി വരുന്ന വിഭാഗങ്ങൾ

ചോദ്യം — മറുപടി

ശ്രീ. കെ. ദാസൻ

കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ദേവസ്വം ബോർഡിന്റെ കീഴിൽ അല്ലാത്ത മലബാറിലെ മറ്റ് ക്ഷേത്രങ്ങളിലെ പൂജാരികൾ, കോലധാരികൾ, വെളിച്ചപ്പാടുകൾ, കോമരങ്ങൾ തുടങ്ങിയ ഏതെങ്കിലും വിഭാഗത്തിന് ദേവസ്വം ബോർഡ് വഴി ആനുകൂല്യം നൽകി വരുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം വിഭാഗങ്ങൾക്കാണ് എന്ന് വിശദമാക്കാമോ; | (എ) | മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ളതും അല്ലാത്തതുമായി ഉത്തരമലബാറിൽ സ്ഥിതി ചെയ്യുന്ന ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ആചാരസ്ഥാനികർ (വെളിച്ചപ്പാടുകൾ/കോമരങ്ങൾ), കോലധാരികൾ എന്നീ വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് മലബാർ ദേവസ്വം ബോർഡിൽ നിന്നും ധനസഹായം അനുവദിക്കുന്നുണ്ട്. |
| (ബി) | ഇത്തരത്തിൽ അനുവദിക്കപ്പെടുന്ന ആനുകൂല്യങ്ങൾ മലബാർ ദേവസ്വം ബോർഡ് പരിധിയിലെ എത്ര പേർ കൈപ്പറ്റുന്നുണ്ട്; വർഷത്തിൽ ആകെ എത്ര രൂപയുടെ ആനുകൂല്യങ്ങളാണ് നൽകി വരുന്നത്; | (ബി) | 1811 ആചാരസ്ഥാനികർക്കും, 397 കോലധാരികൾക്കും കൂടി പ്രതിമാസം 1,100/- രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്നതിന് വർഷത്തിൽ ആകെ 2,91,45,600/- രൂപ ചിലവ് വരുന്നതാണ്. |
| (സി) | ഓരോ വിഭാഗത്തിനും മാസത്തിൽ/വർഷത്തിൽ നൽകി വരുന്ന ആനുകൂല്യം എത്രയെന്ന് വിഭാഗം തിരിച്ച് വ്യക്തമാക്കാമോ? | (സി) | <u>ആചാര സ്ഥാനികർ</u><br>1811 x 1100 x 12 = 2,39,05,200/-<br><u>കോലധാരികൾ</u><br>397 x 1100 x 12 = 52,40,400/-<br><br>ആകെ: 2,91,45,600/- |

സെക്ഷൻ ഓഫീസർ